**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – ഇടുക്കി ജില്ല - നെടുംകണ്ടം ബ്ലോക്ക് - പാമ്പാടുപാറ ഗ്രാമപഞ്ചായത്ത് - പ്രവർത്തി സ്ഥലത്ത് ഭക്ഷ്യവിഷബാധയേറ്റ് 2 പേർ മരണപ്പെട്ട സംഭവം - അധികമായി 68,780/- രൂപ ചെലവായ നടപടിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ). 84/14/തസ്വഭവ തീയതി, തിരുവനന്തപുരം, 08.01.2014

================================================================================

പരാമർശം: ഇടുക്കി ജില്ലാകളക്ടറുടെ 05.12.2013 ലെ 312/11/MGNREGA/IDK നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ 10-ാം വാർഡിൽ നടത്തിവന്ന കല്ല് കയ്യാല തെക്കേ കുരിശുമല എന്ന പ്രവർത്തിയിൽ ജോലിയിൽ ഏർപ്പെട്ടിരുന്ന ശ്രീമതി.കാശിയമ്മ, ശ്രീ.മുനിയൻ, ശ്രീമതി.ലക്ഷ്മി, ശ്രീ.സെൽവം, ശ്രീ.ഷൺമുഖം, ശ്രീമതി.രാജമ്മ എന്നിവർ ദാരിദ്ര്യം മൂലം 27.12.2012-ാം തീയതി ഉച്ചയ്ക്ക് പ്രവർത്തി സ്ഥലത്ത് വച്ച് ഉച്ചഭക്ഷണമായി കാട്ടുകിഴങ്ങ് ഭക്ഷിക്കുകയും അതുവഴി ഭക്ഷ്യവിഷബാധ ഉണ്ടായതിനെ തുടർന്ന് കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെ വച്ച് 29.12.2012-ാം തീയതി ശ്രീമതി.കാശിയമ്മ, ശ്രീ.മുനിയൻ എന്നിവർ മരണപ്പെടുകയും ശേഷിക്കുന്നവരെ കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ചികിത്സയ്ക്ക് വിധേയമാക്കുകയും അതുവഴി ആ നാല് തൊഴിലാളികൾ രക്ഷപ്പെടുകയും ചെയ്തതായി പരാമർശ പ്രകാരം ജില്ലാകളക്ടർ അറിയിച്ചിരുന്നു. ശ്രീമതി.കാശിയമ്മ, ശ്രീ.മുനിയൻ എന്നിവർ മരണപ്പെട്ട സംഗതിയിൽ അവർക്ക് 25,000/- രൂപ വീതമുള്ള എക്സ്ഗ്രേഷ്യാ ധനസഹായം (ആകെ 50,000/- രൂപ), തൊഴിലാളികൾ എല്ലാവരുടേയും ചികിത്സയ്ക്ക് ചെലവായതുക, രണ്ട് തൊഴിലാളികൾ മരണപ്പെട്ട

സംഗതിയിൽ അത് സംബന്ധമായി വന്ന അനുബന്ധ ചെലവുകൾ ഇവയുൾപ്പെടെ ആകെ 1,59,331/- രൂപ ചെലവഴിയ്ക്കപ്പെട്ടു. ഭക്ഷ്യവിഷബാധയേറ്റ് അവശനിലയിലായതെന്നതിനാലും അതിൽ 2 പേർ മരണപ്പെടാനിടയായതിനാലും ചികിത്സയ്ക്കായി ചെലവായ തുകയ്ക്ക് പുറമെ മരണപ്പെട്ട രണ്ട് തൊഴിലാളികളുടെയും പോസ്റ്റ്മോർട്ടം കിറ്റ്, മുറിവാടക, ശവപ്പെട്ടികൾ, ആമ്പുലൻസ് വാടക, ഫോട്ടോ, വാഹനവാടക, മരണാനന്തര ചടങ്ങുകൾ എന്നിവയ്ക്ക് ചെലവായ തുകയായ 68,780/- രൂപ അനുവദിച്ച നടപടിക്ക് അംഗീകാരം നൽകണമെന്ന് ജില്ലാകളക്ടർ പരാമർശ പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രവർത്തി സ്ഥലത്ത് ഭക്ഷ്യവിഷബാധയേറ്റ് രണ്ടുപേർ മരണപ്പെട്ട സംഭവത്തിൽ അധികമായി 68,780/- രൂപ അനുവദിച്ച നടപടിയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

To

1. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
2. ജില്ലാകളക്ടർ & ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ, ഇടുക്കി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ